**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5128** **14-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ യു.പി. സ്കൂൾ ടീച്ചർ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിൽ യു.പി.സ്കൂൾ ടീച്ചർ തസ്തികയിൽ (ലാംഗ്വേജ് അദ്ധ്യാപകർ ഒഴികെ) എൻ.സി.എ. ഒഴിവുകൾ, ഡെപ്യൂട്ടേഷൻ ഒഴിവുകൾ എന്നിവ ഉൾപ്പെടെ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ ഏതെല്ലാം സ്കൂളുകളിൽ ആണെന്നും തരം തിരിച്ച് വിശദമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ യു.പി.സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ<br><br>1) ജി.ഡബ്ല്യൂ യു.പി.എസ്.കരിമഠം - 2<br>2) ജി.യു.പി.എസ്.മറവൻതുരുത്ത് - 1<br>3) ജി.യു.പി.എസ് ഉദയനാപുരം - 1<br>4) ജി.യു.പി.എസ് ചെമ്മനത്തുകര - 1<br>5) ജി.യു.പി.എസ് മുളക്കുളം - 1<br>6) ജി.ഡി.വി.എച്ച്.എസ്.എസ്.വെച്ചൂർ - 2<br>7) ജി.വി.എച്ച്.എസ്.എസ് വൈക്കം(W) - 1<br>8)ജി.വി.എച്ച്.എസ്.എസ്.റ്റി.വി.പുരം - 1<br>9)പി.റ്റി.എം.ജി.എച്ച്.എസ്.എസ്.വെള്ളൂർ (ഡെപ്യൂട്ടേഷൻ ഒഴിവ്) - 1<br>**ആകെ -11**<br>(എൻ.സി.എ.ഒഴിവ് ഇല്ല) |
| (ബി) | കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.സ്കൂൾ ടീച്ചർ തസ്തികയിൽ (ലാംഗ്വേജ് അദ്ധ്യാപകർ ഒഴികെ) അദ്ധ്യാപക ബാങ്കിൽ നിന്നും നിയമിതരായ സംരക്ഷിത അദ്ധ്യാപകർ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവർക്ക് നിയമനം ലഭിച്ച തീയതി, അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ എന്നിവ വിശദമാക്കാമോ; | (ബി) | സംരക്ഷിത അദ്ധ്യാപകർ ആരും ജോലി ചെയ്യുന്നില്ല. |
| (സി) | കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ നിലവിൽ യു.പി.സ്കൂൾ | (സി) | ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ നിലവിൽ യു.പി.സ്കൂൾ ടീച്ചർ തസ്തിക ഇല്ല. |

| | | | |
|---|---|---|---|
| | ടീച്ചർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത സ്കൂളിൽ യു.പി.സ്കൂൾ ടീച്ചർ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള കേരള പട്ടികജാതി/പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 1 മുതൽ 10 വരെയുള്ള സ്കൂളുകൾക്ക് മാത്രമേ പ്രൈമറി ടീച്ചർ തസ്തിക അനുവദിച്ചിട്ടുള്ളൂ. ഏറ്റുമാനൂർ എം.ആർ.എസ്-ൽ 5 മുതൽ 10 വരെ ക്ലാസുകൾ മാത്രമുള്ളതിനാൽ യു.പി.എസ്.ടി തസ്തിക അനുവദിച്ചിട്ടില്ല. ടി സ്കൂളിൽ യു.പി.എസ്.ടി തസ്തിക അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ